## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 20, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂവും കയറും വകുപ്പുമന്ത്രി
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
പൊതുമരാമത്ത് വകുപ്പുമന്ത്രി

സ്കൂളുകളിലെ ഉച്ച ഭക്ഷണ വിതരണം

*391. ശ്രീ.വി.എസ്.സുനിൽ കുമാർ
,, ഇ.ചന്ദ്രശേഖരൻ
,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യവസ്തുക്കളുടെ വില കുത്തനെ ഉയർന്നിട്ടും സ്കൂളുകളിലെ ഉച്ച ഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കാത്തത് ഉച്ച ഭക്ഷണ വിതരണത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉച്ച ഭക്ഷണത്തിനായി ഒരു കുട്ടിക്ക് പ്രതിദിനം എത്ര രൂപ വരെയാണ് അനുവദിച്ചത് ; ഈ തുക എത്രയായി വർദ്ധിപ്പിക്കുന്നതിനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം കുടുംബശ്രീ പോലുള്ള ഏജൻസികളെ ഏല്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

കാലവർഷത്തിന്റെ കുറവ് - പ്രത്യാഘാതങ്ങൾ

*392. ശ്രീ.എൻ. ഷംസുദ്ദീൻ
,, കെ.മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ആരംഭിച്ചിട്ടും പ്രതീക്ഷയ്ക്കൊത്ത മഴ സംസ്ഥാനത്ത് ലഭിക്കാതിരിക്കുന്ന സാഹചര്യം എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും ഇതിനായി എന്തൊക്കെ പരിഹാര നടപടികൾ വേണ്ടിവരുമെന്നതും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) മഴ കുറയുന്ന സാഹചര്യമുണ്ടായാൽ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനും കാർഷികാവശ്യത്തിനും വ്യാവസായികാവശ്യത്തിനുമുള്ള ജല ലഭ്യത ഉറപ്പാക്കാനും ആവശ്യമായ മുൻകരുതൽ നടപടികളെക്കുറിച്ച് വിവിധ വകുപ്പുകളുമായി ആശയവിനിമയം നടത്തുമോ?

## നെല്ലിന്റെ താങ്ങുവില

*393. ശ്രീ.സി.കെ.നാണു
,, മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി.ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില തന്നെ നെല്ലിന്റെ സംഭരണവിലയാക്കി നിലനിർത്തണമെന്ന നിർദ്ദേശം പാലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) താങ്ങുവിലയേക്കാൾ കൂടിയ വിലയ്ക്ക് നെല്ല് സംഭരിച്ചാൽ സംഭരണ രംഗത്ത് നിന്ന് കേന്ദ്രസർക്കാർ പിന്മാറുമെന്ന് അറിയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ നെല്ല് എങ്ങനെ സംഭരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

## ഹിൽ ഹൈവേ പ്രോജക്ട്

*394. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, കെ.മുരളീധരൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ;

(ബി) പദ്ധതി സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## അറബിക് സർവ്വകലാശാല

*395. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക് സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ ഫണ്ട് എവിടെ നിന്നാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ; കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്ന് വ്യക്തമാക്കാമോ?

## ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം

*396. ശ്രീ.ബെന്നി ബെഹനാൻ

,, വി.പി.സജീന്ദ്രൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

## ഏകീകൃത ഫീസ് സംവിധാനം

*397. ശ്രീ.വി.ശിവൻകുട്ടി

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.ആർ. രാജേഷ്

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന വിവിധ ഫീസുകൾക്ക് ഏകീകൃത സ്വഭാവമുണ്ടോ;

(ബി) ഒരേ ആവശ്യത്തിന് വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത ഫീസ് ഘടന സ്വീകരിക്കുന്നത് ഉചിതമാണോ;

(സി) പഠനത്തിനുള്ള ഫീസും വിവിധ സേവനങ്ങൾക്കുള്ള ഫീസും സർവ്വകലാശാലകൾ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് സർവ്വകലാശാല ഈയിടെ എല്ലാതരം ഫീസുകളും വർദ്ധിപ്പിച്ചിട്ടുള്ള കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ശതമാനമാണ് ഓരോ ഇനത്തിലുമുള്ള വർദ്ധനവെന്ന് വ്യക്തമാക്കാമോ;

(ഇ) അടിക്കടിയുള്ള ഫീസ് വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പ്രകൃതി ദുരന്തം - പ്രവചന സംവിധാനങ്ങൾ</u>

*398. ശ്രീ.എസ്.ശർമ്മ

,, എസ്.രാജേന്ദ്രൻ

,, ബി.ഡി. ദേവസ്സി

ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ദുരന്തനിവാരണ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പ്രത്യേക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടിട്ടുണ്ടോ; എവിടെങ്ങളിലെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവ സ്ഥാപിച്ചിട്ട് എത്രകാലമായി; നിലവിൽ പ്രവർത്തനക്ഷമമാണോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട ചില ഉപകരണങ്ങൾ ഇപ്പോൾ കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായോ; ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) സ്ഥാപിക്കപ്പെട്ട ഉപകരണങ്ങൾ സമയാസമയങ്ങളിൽ പരിപാലിക്കപ്പെടാത്തതു കാരണം പ്രവർത്തനരഹിതമായിട്ടുണ്ടോ?

<u>സീറോ ലാൻഡ് ലസ്സ് പദ്ധതി</u>

*399. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയ്ക്കാകെ മാതൃകയായി സീറോ ലാൻഡ് ലസ്സ് പദ്ധതി നടപ്പാക്കിയതിലൂടെ ജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി സംബന്ധമായി റവന്യൂ വകുപ്പിൽ നിലനിൽക്കുന്ന പരാതികൾ പരിഹരിക്കുന്നതിനും കൂടുതൽ അർഹതപ്പെട്ടവർക്ക് 'ഭൂരഹിതരില്ലാത്ത കേരളം ' പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

## സ്വയം വിലയിരുത്തൽ സമ്പ്രദായം

*400. ശ്രീ.വി.ശശി

,, ഇ.ചന്ദ്രശേഖരൻ

,, കെ.രാജു

,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ അധ്യാപകർക്ക് സ്വയം വിലയിരുത്തൽ സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അധ്യാപകരുടെ സ്വയം വിലയിരുത്തലിന്റെ മാർഗ്ഗരേഖകൾ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത്തരം റിപ്പോർട്ടുകൾ ഭാവിയിൽ അധ്യാപകരുടെ സ്ഥാനക്കയറ്റം അടക്കമുള്ള കാര്യങ്ങൾക്ക് അടിസ്ഥാനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള റോഡ് വികസനം

*401. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡ് വികസനം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പരിഷ്ക്കരിക്കുന്നതിൽ സർവ്വകാല റിക്കോർഡ് കൈവരിക്കുവാൻ കഴിഞ്ഞതിൻെറ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിലെയും മെട്രോ നഗരങ്ങളിലെയും റോഡുകളും ഇത്തരത്തിൽ പുനരുദ്ധരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

## വിദ്യാർത്ഥികൾക്ക് വ്യവസായ സംരഭകത്വ പദ്ധതി

*402. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി വ്യവസായ സംരഭകത്വ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>റൂസ ഫണ്ട്</u>

*403. ശ്രീ.ജി.സുധാകരൻ

,, എം.എ.ബേബി

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) ഫണ്ട് ലഭ്യമാക്കുന്നതിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ;

(ബി) റൂസ ഫണ്ട് ലഭിക്കുന്നതിനുള്ള റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായോ;

(സി) സ്വകാര്യ- സ്വാശ്രയ സ്ഥാപനങ്ങൾക്ക് റൂസ ഫണ്ട് നൽകുന്നുണ്ടോ ; സംസ്ഥാനത്തെ റൂസ ഫണ്ട് വിനിയോഗം സംബന്ധിച്ച് വിശദമാക്കാമോ?

<u>റേഷൻ കാർഡ് വിതരണം</u>

*404. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**

,, എളമരം കരീം

,, എ.കെ.ബാലൻ

,, രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളുടെ വിതരണം അനിശ്ചിതമായി നീളുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ബി) ബി.പി.എൽ പട്ടികയ്ക്ക് പകരമുള്ള മുനഗണനാപട്ടിക തയ്യാറാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇതിന്റെ കരട് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള മുഴുവൻ കാർഡുടമകൾക്കും പുതിയ റേഷൻ കാർഡ് ലഭ്യമാക്കുമോ; ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കലും റേഷൻകാർഡ് പുതുക്കലും തമ്മിൽ ബന്ധമുണ്ടോ?

<u>രാഷ്ട്രീയ രാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പര്യോജന</u>

*405. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, സി.മോയിൻ കുട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 'രാഷ്ട്രീയരാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പര്യോജന' (RRZSP) പദ്ധതിയിൽ കേരളത്തിന് അർഹമായ പരിഗണന നേടിയെടുക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ ജില്ലകൾക്ക് പ്രാതിനിധ്യം ലഭിക്കുമെന്നാണ് കരുതുന്നത്; ഇതിനായുള്ള സ്ഥലം കണ്ടെത്തുന്ന കാര്യത്തിൽ പ്രയാസമുണ്ടാവില്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) മറ്റേതെങ്കിലും റോഡ് വികസന പദ്ധതിയിൽ സംസ്ഥാനത്തിന് പരിഗണന ലഭിക്കാൻ സാദ്ധ്യതയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമപരിഷ്കരണം</u>

*406. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, പാലോട് രവി

,, വി.റ്റി.ബൽറാം

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എഞ്ചിനീയറിംഗ് പ്രവേശനം</u>

*407. ശ്രീമതി.കെ.കെ.ലതിക

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പ്രവേശന വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ മാനേജ്മെന്റുകൾക്ക് സഹായകമാകുന്ന ഇത്തരം തീരുമാനങ്ങൾ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്തെ മൂല്യത്തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൂല്യത്തകർച്ച സംബന്ധിച്ച് ഹൈക്കോടതി നടത്തിയിരുന്ന പരാമർശം കണക്കിലെടുത്ത് ഇത്തരം എഞ്ചീനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ഭൂമിയുടെ ന്യായവില

*408. ശ്രീ.ഷാഫി പറമ്പിൽ

,, തേറമ്പിൽ രാമകൃഷ്ണൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## റവന്യൂ വകുപ്പിലെ അധിക തസ്തികകൾ

*409. ശ്രീ.സാജു പോൾ

,, കെ.കെ.ജയചന്ദ്രൻ

,, സി.കൃഷ്ണൻ

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ അധിക തസ്തികകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; ഇത്തരത്തിൽ എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അധിക തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) പൊതുജനങ്ങൾക്ക് വളരേയേറെ ആവശ്യമുള്ള സേവനങ്ങൾ നൽകുന്നതിന് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുമെന്നറിയാമോ;

(ഡി) വില്ലേജാഫീസറടക്കം റവന്യൂവകുപ്പിൽ ആവശ്യത്തിന് തസ്തിക സൃഷ്ടിക്കണമെന്ന് കഴിഞ്ഞ ശമ്പള കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശത്തിന്റെ ഭാഗമായി ആവശ്യമില്ലാത്തതായി കണ്ടെത്തിയതും അവസാനിപ്പിക്കാൻ തീരുമാനിച്ചതുമായ തസ്തികകൾ എത്രയെന്നറിയിക്കുമോ?

<u>വിദൂര വിദ്യാഭ്യാസ കോഴ്സുകൾ</u>

*410. ശ്രീ.സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ കാര്യത്തിൽ സമീപകാലത്ത് യു.ജി.സി. സ്വീകരിച്ച കർശന നിലപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ വിദൂരവിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസം സംബന്ധിച്ച ചട്ടങ്ങൾ ഒരേ രീതിയിലുള്ളതാണോ : അവ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായിരുന്നോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

<u>ഇ-ഡിസ്ക്ട്രിക്ട് പദ്ധതി</u>

*411. ശ്രീ.വി.പി.സജീന്ദ്രൻ

,, ലൂഡി ലൂയിസ്

,, എ.റ്റി.ജോർജ്ജ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ക്ട്രിക്ട് പദ്ധതി പ്രകാരം റവന്യൂ വകുപ്പിലെ സർട്ടിഫിക്കറ്റുകൾ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സ്മാർട്ട് ചിൽഡ്രൻ പദ്ധതി</u>

*412. ശ്രീ.എം.പി.വിൻസെന്റ്

,, സണ്ണി ജോസഫ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൽഡ്രൻ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഫ്രണ്ട് ഓഫീസ് സംവിധാനം</u>

*413. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഭക്ഷ്യസുരക്ഷാനിയമം</u>

*414. ശ്രീ.എ.കെ.ബാലൻ

,, കെ.കെ.നാരായണൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം എന്തെന്ന് വിശദമാക്കാമോ;

(ബി) നിയമം നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തെ റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിലവിലുള്ളതിനേക്കാൾ എത്ര കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്ന ഗുണഭോക്താക്കളെ എങ്ങനെ സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്താണ്;

(ഡി) ഭക്ഷ്യസുരക്ഷാനിയമം നടപ്പാകുമ്പോൾ നിലവിലുള്ള ബി.പി.എൽ കുടുംബങ്ങൾ പൂർണ്ണമായും ബി.പി.എൽ ഗുണഭോക്താക്കളായിത്തന്നെ നിലനിൽക്കുമോ?

ആധുനിക സർവ്വേ സംവിധാനം ഉപയോഗിച്ചുള്ള സർവ്വേ

*415. ശ്രീ.കെ.എസ്.ശബരീനാഥൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇത് മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അതുല്യം രണ്ടാംഘട്ടം

*416. ശ്രീ.എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എൻ. ഷംസുദ്ദീൻ

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതുല്യം രണ്ടാംഘട്ടത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ ;

(ബി) ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പ്ളാസ്റ്റിക് ഉൾപ്പെടുത്തിയുള്ള റോഡ് ടാറിങ്ങിന്റെ ഗുണമേന്മ

*417. ശ്രീ.ആർ . സെൽവരാജ്

,, പാലോട് രവി

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, ടാറിനൊപ്പം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ

ലഭ്യമാക്കുമോ?

<u>റവന്യൂ വകുപ്പ് ശാക്തീകരണ പദ്ധതി</u>

*418. ശ്രീ.കെ.മുരളീധരൻ

,, ഹൈബി ഈഡൻ

,, കെ.ശിവദാസൻ നായർ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ശാക്തീകരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>മണൽ ആഡിറ്റിംഗ്</u>

*419. ശ്രീ.ഇ.കെ.വിജയൻ

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്; എത്ര നദികളിലെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്;

(ബി) പ്രസ്തുത ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>അദ്ധ്യാപക പാക്കേജ്</u>

*420. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, കോടിയേരി ബാലകൃഷ്ണൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ ;

(ബി) അദ്ധ്യാപക പാക്കേജ് ഏത് രൂപത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് സ്കൂൾ മാനേജർമാരും അദ്ധ്യാപകരുമായി ചർച്ച നടത്തുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ; സർക്കാർ അംഗീകരിച്ച മാനേജ്മെന്റുകളുടെ ആവശ്യങ്ങൾ ഏതെല്ലാം ;

(ഡി) ഫിക്സേഷന്റെ ഫലമായി പുറത്താകുന്ന അദ്ധ്യാപകരുടെ എണ്ണമെത്രയാണ് ; ഇവരെ എങ്ങനെ സംരക്ഷിക്കാമെന്നാണ് കരുതുന്നത് ;

(ഇ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ ; പാക്കേജ് നടപ്പാക്കാനുള്ള നടപടി വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
11-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].